

ബൈബിൾ ചിത്രകഥ 2
അബ്രാഹം
MAR LOUIS PUBLICATIONS

## ബൈബിൾ ചിത്രകഥ-2

# അബ്രാഹം

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# അബ്രാഹം

"നാടോടുമ്പോൾ നടുവേ ഓടണം". സാധാരണ കേൾക്കാറുള്ള ഒരു പഴഞ്ചൊല്ല്. ജീവിതത്തിൽ വിജയിക്കാൻ പൂർവികർ നൽകിയ പ്രായോഗിക ഉപദേശമാണിത്.

സമ്പത്തും സൽകീർത്തിയും ആരോഗ്യവും എല്ലാം ജീവിതവിജയത്തിന്റെ അളവുകോലായി കണക്കാക്കുമ്പോൾ ഈ ഉപദേശം വളരെ പ്രയോജനപ്രദമാണ്. എന്നാൽ ഇതൊക്കെയാണോ യഥാർത്ഥത്തിൽ ജീവിതത്തെ ധന്യമാക്കുന്നത്? *"ലോകം മുഴുവനും നേടിയാലും നിന്റെ ആത്മാവ് നശിച്ചാൽ നിനക്കെന്ത് പ്രയോജനം"* എന്ന യേശുവിൻറെ ചോദ്യത്തിന് എല്ലാവരും ഉത്തരം പറയേണ്ടതുണ്ട്.

തങ്ങളുടെ അന്തരാത്മാവിൽ നിമന്ത്രിക്കുന്ന ദൈവസ്വരത്തിന് പൂർണ്ണമായി വഴങ്ങുന്ന വ്യക്തികൾക്ക് എല്ലാവരും പോകുന്ന വഴിയിൽ നിന്ന് ചിലപ്പോൾ വിട്ടുമാറി ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടിവരും. പൊതുജനദൃഷ്ടിയിൽ അവരുടെ ജീവിതം ബുദ്ധിശൂന്യവും തികഞ്ഞ പരാജയവുമായി കാണപ്പെട്ടേക്കാം. എന്നാൽ

ഈ വ്യക്തികളാണ് മനുഷ്യ സമൂഹത്തിന്റെ മനസാക്ഷിയെ തൊട്ടുണർത്തുകയും മാനവജീവിതത്തെ ഉന്നത മേഖലകളിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുന്നത്. അവരെ നയിക്കുന്നത് വിശ്വാസമാണ്. ഇപ്രകാരം ജീവിച്ച ഒരു വ്യക്തിയായിരുന്നു അബ്രാഹം.

ബി. സി. പത്തൊൻപതാം നൂറ്റാണ്ടിലാണ് അബ്രാഹം ജീവിച്ചിരുന്നത്. തൻറെ സമൂഹത്തോടൊപ്പം വിഗ്രഹാരാധനയിലും അന്ധവിശ്വാസങ്ങളിലും മുഴുകി കഴിഞ്ഞിരുന്ന അദ്ദേഹത്തിൻറെ ജീവിതത്തിലേക്ക് സർവ്വശക്തനായ ദൈവം കടന്നുവന്നു. പുറമേ നിന്നു നോക്കിയാൽ ഒരുതരത്തിലും മനസ്സിലാക്കാൻ കഴിയാത്ത വിധം ആ ജീവിതത്തിൽ മാറ്റമുണ്ടായി. അതുവരെ തനിക്ക് സുരക്ഷിതത്വം നൽകിയിരുന്ന നാടും വീടും വിട്ട് അപരിചിതമായ നാടുകളിൽ അദ്ദേഹം അലഞ്ഞു നടന്നു.

അറാറാത്ത് പർവ്വത നിരകളുടെ അടിവാരത്തിലുള്ള ഒരു ചെറിയ പട്ടണമായ ഹാരാനിൽ നിന്ന് പുറപ്പെടാൻ ആജ്ഞാപിച്ച ദൈവം അബ്രാഹത്തിനു മൂന്നു വാഗ്ദാനങ്ങൾ നൽകി. 1. അബ്രാഹത്തിൽ നിന്ന് ഒരു വലിയ ജനതതി ഉൽഭവിക്കും. 2. കാനാൻദേശം അവർക്ക്

സ്വന്തമായി നൽകും. 3. അബ്രാഹത്തിൻറെ സന്തതിയിലൂടെ ഭൂമുഖത്തെ എല്ലാ ജനതകളും അനുഗൃഹീതരാകും. എല്ലാ മനുഷ്യർക്കും രക്ഷ നൽകാനുള്ള ദൈവത്തിൻറെ പദ്ധതിയുടെ തുടക്കമായിരുന്നു അത്. യേശുക്രിസ്തുവിലാണ് ഈ പദ്ധതി പൂർത്തിയായത്.

ദൈവമാണ് തന്നെ വിളിച്ചതെന്നും ദൈവം വാക്ക് പാലിക്കുമെന്നും അബ്രാഹം ഉറച്ചു വിശ്വസിച്ചു. ഇനിമേൽ സ്വന്തം താല്പര്യവും പദ്ധതികളുമല്ല, ദൈവത്തിന്റെ ഹിതവും പദ്ധതികളുമാണ് അബ്രാഹത്തെ നയിക്കുന്നത്. വിശ്വാസത്താൽ നയിക്കപ്പെട്ട ആ ജീവിതം അനേകം അഗ്നിപരീക്ഷകളിലൂടെ കടന്നു പോകേണ്ടി വന്നു. അവയിൽ മൂന്നു പരീക്ഷണങ്ങൾ മുന്നിട്ടുനിൽക്കുന്നു. 1. നാടും വീടും വിട്ടിറങ്ങൽ. 2. ആദ്യപുത്രനായ ഇസ്മായേലിനെ മരുഭൂമിയിലേക്ക് പറഞ്ഞയക്കൽ. 3. വാഗ്ദത്തപുത്രനായ ഇസഹാക്കിനെ ബലിയർപ്പിക്കൽ. തൻറെ സകല പ്രതീക്ഷയും ദൈവത്തിൽ മാത്രമാണ് എന്ന് ഏറ്റുപറയാൻ അബ്രാഹത്തിന് ദൈവം നൽകിയ അവസരങ്ങളായിരുന്നു ഇത്. ജീവിതത്തെ മുഴുവനായി


ദൈവകരങ്ങളിൽ സമർപ്പിച്ച് അജ്ഞാതമായ വഴികളിലൂടെ യാത്ര ചെയ്ത അബ്രാഹത്തെ വിശ്വാസികളുടെ പിതാവായി ബൈബിൾ കരുതുന്നു.

നമ്മൾ ആഗ്രഹിക്കുന്ന വിധത്തിൽ എല്ലാം നടക്കുമ്പോൾ ദൈവത്തിൽ വിശ്വസിക്കുക പ്രായേണ എളുപ്പമാണ്. എന്നാൽ വിശ്വാസത്തിൻറെ പേരിൽ വലിയ നഷ്ടങ്ങൾ ഉണ്ടാകുകയും ത്യാഗങ്ങൾ സഹിക്കേണ്ടി വരികയും ചെയ്യുമ്പോഴാണ് വിശ്വാസത്തിൻറെ മാറ്റു തെളിയുന്നത്.



വിലക്കപ്പെട്ട കനി ഭക്ഷിച്ച് ദൈവമാകാൻ ശ്രമിച്ച ആദിമാതാപിതാക്കൾ ദൈവത്തിൽനിന്നകന്നു. അവരുടെ മക്കൾ പരസ്പരം വെറുത്തു. ശക്തന്മാർ അശക്തരെ കൊല ചെയ്തു. മനുഷ്യ ഹൃദയങ്ങൾ ദുഷ്ടതകൊണ്ട് നിറഞ്ഞു. എന്നാൽ നോഹ എന്നൊരാളും കുടുംബവും നീതിമാന്മാരായിരുന്നു.
കർത്താവ് ഈ ഭൂമിയെ ജലപ്രളയം കൊണ്ടു നശിപ്പിക്കാൻ പോകയാണ്.
ഇതുപോലെ അക്രമം നടമാടുമ്പോൾ എങ്ങനെ നശിപ്പിക്കാതിരിക്കും?
ഒരു തെറ്റും ചെയ്യാത്ത നമ്മെയും ദൈവം നശിപ്പിക്കുമോ?
ഇല്ല. നമുക്കു രക്ഷപ്പെടാൻ കർത്താവ് ഒരു വഴി പറഞ്ഞു തന്നിട്ടുണ്ട്.


വലിയൊരു പെട്ടകം പണിയണം. സകല മൃഗങ്ങളെയും പക്ഷികളെയും ഇഴജന്തുക്കളെയും ഓരോ ജോഡി പെട്ടകത്തിൽ കയറ്റണം.





കർത്താവു കൽപ്പിച്ചതനുസരിച്ച് ജലപ്രളയമുണ്ടായി. ഭൂമി മുഴുവൻ വെള്ളത്തിനടിയിലായി. കരയിലും ആകാശത്തിലുമുള്ള സകല ജീവികളും ചത്തൊടുങ്ങി.





ഒരു വർഷവും പത്തു ദിവസവും കഴിഞ്ഞപ്പോൾ പ്രളയം അവസാനിച്ചു. പെട്ടകത്തിൽ നിന്നിറങ്ങിയ നോഹയും കുടുംബവും ദൈവത്തിനു കൃതജ്ഞതാബലിയർപ്പിച്ചു.
സകല ജീവജാലങ്ങളോടുമായി ഞാൻ ഉടമ്പടി ചെയ്യുന്നു: ഇനി ഒരിക്കലും ജലപ്രളയത്താൽ ഞാൻ ഭൂമിയെ നശിപ്പിക്കുകയില്ല. ഈ മഴവില്ല് എൻറെ ഉടമ്പടിയുടെ അടയാളമായിരിക്കും.


നോഹയുടെ മക്കളിൽനിന്നു വീണ്ടും മനുഷ്യർ പെരുകി. സ്വാർത്ഥതയും അഹങ്കാരവും വർധിച്ചു. കിഴക്ക് ഷീനാർ ദേശത്ത് അവർ വാസമുറപ്പിച്ചു.
നമ്മൾ ഇന്നു ശക്തരാണ്. നമുക്കു മുകളിൽ ഒരാൾ മാത്രമേയുള്ളൂ.
മനുഷ്യരെല്ലാം ഒറ്റക്കെട്ടാണ്. ആരാണിനി നമുക്കുമേൽ?
അങ്ങു മുകളിൽ, സ്വർഗ്ഗത്തിൽ വാഴുന്ന ദൈവം.


ശരിയാണ്. ദൈവം മാത്രമാണ് നമ്മെക്കാൾ ഉന്നതൻ. അതിനാൽ നമുക്ക് ദൈവത്തോളം ഉയരണം.
ആരുടെയും കീഴിലായിരിക്കുന്നതു മനുഷ്യനു ഭൂഷണമല്ല.
അതിനിപ്പോൾ എന്താണ് മാർഗ്ഗം?


നമുക്ക് സ്വർഗ്ഗത്തേക്കാൾ മനോഹരമായ ഒരു പട്ടണം പണിയണം. അതിൻറെ ഗോപുരങ്ങൾ ദൈവസിംഹാസനത്തിനു മുകളിൽ തല ഉയർത്തി നിൽക്കണം.
അപ്പോൾ ദൈവം നമുക്കു കീഴിലാകും.

അവർ പണിയാരംഭിച്ചു.




അഹങ്കാരികളെ ദൈവം ചിതറിച്ചു. പരസ്പരം മനസ്സിലാക്കാനാവാത്തവിധം അവരുടെ ഭാഷകൾ വിഭിന്നമായി.


ദൈവത്തെ വെല്ലുവിളിച്ച മനുഷ്യർ പരസ്പരം അകന്നു ചിതറിപ്പോയി. കാലക്രമത്തിൽ അവർ കല്ലിനെയും മരത്തെയും മൃഗങ്ങളെയും ആകാശ ഗോളങ്ങളെയും ആരാധിക്കാൻ തുടങ്ങി.
ഓ! ബാൽദേവാ നല്ല കാലാവസ്ഥയും സമൃദ്ധമായ വിളവുകളും നൽകണമേ.


യുദ്ധദേവനായ കെമോഷ്, ഈ കുഞ്ഞിൻറെ രക്തം സ്വീകരിച്ച് ശത്രുക്കളുടെ മേൽ ഞങ്ങൾക്ക് വിജയം നൽകണമേ.


സകല ചരാചരങ്ങൾക്കും ജീവനും ശക്തിയും നൽകുന്ന സൂര്യദേവാ, നമസ്ക്കാരം.

പേർഷ്യൻ ഉൾക്കടലിൻറെ അടുത്തുള്ള ഊർ നഗരത്തിൽനിന്ന് ഒരു സംഘം ഹെബ്രായർ വടക്കു ഹാരാൻ നഗരത്തിലേക്ക് കുടിയേറി പാർത്തു. തേരായും മകൻ അബ്രാമും ആ കൂട്ടത്തിൽ ഉണ്ടായിരുന്നു.




അന്നു രാത്രി അബ്രാമിന് ദൈവത്തിൻറെ അരുളപ്പാടുണ്ടായി.
അബ്രാം, നിൻറെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെയെല്ലാം ഞാൻ അനുഗ്രഹിക്കും.


ദൈവത്തിൻറെ വാക്കനുസരിച്ച് അബ്രാം പുറപ്പെട്ടു.
ഭാര്യ സാറായും സഹോദരപുത്രൻ ലോത്തും കൂടെപ്പോയി.

കാടും മേടും കടന്ന് അവർ യാത്ര ചെയ്തു. കായ്കനികൾ ഭക്ഷിച്ചും കാട്ടരുവിയിൽ നിന്നു കുടിച്ചും അവർ സഞ്ചരിച്ചു. മണലാരണ്യങ്ങളിൽ മരുപ്പച്ച തേടി അവർ അലഞ്ഞു. എങ്ങോട്ടെന്നില്ലാത്ത യാത്ര.




അവസാനമില്ലാത്ത ഈ യാത്ര എനിക്കു മടുത്തു. എന്തേ, നിങ്ങളുടെ ദൈവം ഒന്നും പറയുന്നില്ലേ?
ഹാരാനിൽ പ്രത്യക്ഷപ്പെട്ട ദൈവം പിന്നെ ഒന്നും സംസാരിച്ചില്ലേ?
എനിക്ക് അന്നേ തോന്നിയതാണ് അത് ഒരു വിഭ്രാന്തിയായിരുന്നുവെന്ന്.


ദൈവം എപ്പോൾ സംസാരിക്കണമെന്നു നിശ്ചയിക്കാൻ നമ്മളാര്? അല്ലാ, അതൊരു സ്വപ്നമായിരുന്നില്ല. ആ ശബ്ദം ഇപ്പോഴും എൻറെ കാതുകളിൽ മുഴങ്ങുന്നു.



അതൊരു തോന്നൽ മാത്രമായിരുന്നില്ല. എന്നാലും ആ സ്വരം ഒരിക്കൽക്കൂടി കേൾക്കാനായി ഞാൻ കാതോർത്തിരിക്കുകയാണ്.
സ്വന്തമായി ഒരു നാടും അതിൽ വാഴാൻ സന്തതികളും ഉണ്ടാകും എന്നു പറഞ്ഞിട്ട് എന്തു സംഭവിച്ചു?


തുറന്നു പറയുന്നതിൽ കോപിക്കരുത്.
പത്തുവർഷമായിട്ടും പിന്നീട് ഒരിക്കൽ പോലും പ്രത്യക്ഷപ്പെടാത്ത ആ ദൈവം ദൈവമല്ല.



നമ്മുടെ കുലദേവതകളായിരുന്നു മെച്ചം. അവരെ കാണാം. കാഴ്ച സ്വീകരിച്ച് അവർ കാര്യം നടത്തിത്തരും.
നമ്മുടെ ഇഷ്ടം അനുസരിച്ചു കാര്യം നേടിത്തരുന്നവനല്ല ദൈവം. അവിടുത്തെ ഇഷ്ടം അറിയാൻ കാത്തിരിക്കുക.



എന്നിട്ടെന്തേ ആ ഇഷ്ടം അറിയിക്കാത്തത്? പറഞ്ഞ വാക്ക് പാലിച്ചിട്ടുമില്ല.
സമയമായിട്ടില്ല. കാത്തിരിക്കാം.

അന്നു രാത്രി അബ്രാമിന് ഉറങ്ങാൻ കഴിഞ്ഞില്ല. സാറായുടെയും ലോത്തിൻറെയും വാക്കുകൾ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു.




അങ്ങയുടെ സ്വരം കേൾക്കാൻ എൻ്റെ കാതും കരളും കൊതിക്കുന്നു. അന്തമില്ലാത്ത ഈ യാത്രയിൽ എന്തേ ഒരു വാക്കുപോലും ഉച്ചരിക്കാത്തത്?


അബ്രാം, ഭയപ്പെടേണ്ട. ഞാൻ നിനക്ക് പരിചയായിരിക്കും. നീ കാൽകുത്തി നിൽക്കുന്ന ഈ നാട് നിൻറെ സന്തതികൾക്കു ഞാൻ നൽകും.
!!


മതി - എനിക്ക്
തൃപ്തിയായി. അങ്ങയുടെ
സ്വരംഎൻ്റെ കാലുകൾക്കു
കരുത്തു പകരുന്നു;
വഴിയിൽ പ്രകാശം
ചൊരിയുന്നു.

പിറ്റേന്നു പ്രഭാതത്തിൽ അബ്രാം ദൈവത്തിനു ബലിയർപ്പിച്ചു.




ബലിയർപ്പണത്തിനുശേഷം അവർ യാത്ര തുടർന്നു. കനാൻദേശത്തുടനീളം അവർ നടന്നു. വരൾച്ചയും ക്ഷാമവും കാരണം അവർ ഭക്ഷണം തേടി ഈജിപ്തിലേക്ക് പോയി.
ഇതാ നാം ഈജിപ്തിൽ പ്രവേശിക്കുകയാണ്. സുന്ദരിയായ നിന്നെ തട്ടിയെടുക്കാൻ വേണ്ടി അവർ എന്നെ കൊന്നുകളഞ്ഞെന്നു വരാം.
അങ്ങനെയെങ്കിൽ അതിനുമുമ്പ് ഞാൻ മരിക്കും അങ്ങയെ പിരിഞ്ഞുള്ള ജീവിതം എനിക്ക് ചിന്തിക്കുവാൻ കൂടി വയ്യ.



അത് സംഭവിക്കാതിരിക്കാൻ നീ എൻറെ ഭാര്യയല്ല, സഹോദരിയാണെന്ന് പറഞ്ഞാൽ മതി.
അങ്ങേക്കുവേണ്ടി ഞാൻ എന്തും പറയാം.


ഏതാടാ
ഈ സുന്ദരി?
!!!
വിദേശിയാണെന്നു
തോന്നുന്നു. ഫറവോയ്ക്ക്
ഇഷ്ടപ്പെടാതിരിക്കില്ല.


ഇഷ്ടപ്പെട്ട സ്ത്രീകളെ സ്വന്തമാക്കുക പതിവായിരുന്ന ഈജിപ്തു രാജാവ് അബ്രാമിന് ധാരാളം സമ്മാനങ്ങൾ നൽകി. പക്ഷേ അന്ന് രാത്രി -
അവളെ തൊട്ടുപോകരുത്. അവൾ അന്യൻറെ ഭാര്യയാണ്.
അവൾ തൻറെ സഹോദരിയാണെന്നാണല്ലോ ആ ഹെബ്രായൻ പറഞ്ഞത്.


അതും ശരിയാണ്. അവൻറെ ഒരു ബന്ധു. എന്നാൽ അവൾ അവൻറെ ഭാര്യയാണ്.
എനിക്കറിയില്ലായിരുന്നു. എന്നോട് ക്ഷമിക്കണം.


ശരി. നാളെ രാവിലെ സമ്മാനങ്ങളുമായി അവരെ പറഞ്ഞയക്കണം.


ആ ഹെബ്രായൻ നമ്മെ വഞ്ചിച്ചു. ആരവിടെ, ആ വിദേശിയെ ഹാജരാക്കു!
അടിയൻ
സ്വന്തം ഭാര്യയെ സഹോദരിയെന്നു പറഞ്ഞു വിൽക്കുകയായി-രുന്നില്ലേ അവൻ!


നീ എന്താണീ ചെയ്തത്? നമ്മുടെ നാടുമുടിക്കാനാണോ ഭാവം?
അടിയൻ ഭയന്നിട്ടാണേ.
!!
ങ്ഹും! ഇതാ നിൻറെ ഭാര്യ. ഇവളെയുംകൊണ്ട് വേഗം നാടുവിടുക. ഇനി ഒരു നിമിഷം ഇവിടെ നിന്നുപോകരുത്.

ശക്തൻറെ കയ്യിൽനിന്നു സ്വയം രക്ഷിക്കാൻ കഴിവില്ലാത്തവന് സംരക്ഷണം നൽകുന്നവനാണ് ദൈവം എന്ന് അബ്രാം പഠിച്ചു. അന്യൻറെ ഭാര്യയെ സ്വന്തമാക്കുക പാപമാണെന്നു ഫറവോയും. അബ്രാം വീണ്ടും യാത്ര തുടർന്നു.



വർഷങ്ങൾക്കു ശേഷം അബ്രാമും കൂട്ടരും നെഗെബിൽ എത്തി. ഇതിനിടെ അബ്രാം വലിയ ധനികനായി കഴിഞ്ഞിരുന്നു. അന്നൊരു ദിവസം.




ലോത്തേ, നമ്മൾ ഹാരാനിൽനിന്നു പുറപ്പെട്ടിട്ട് എത്ര വർഷമായെന്ന് അറിയാമോ?
നൂറ്റെൺപതു പൂർണ്ണ ചന്ദ്രന്മാരെ ഞാൻ എണ്ണി. അല്ലാ, എന്താ അതു ചോദിക്കാൻ?
എൻറെ കൂടെ യാത്ര ചെയ്തിട്ട് എന്തെങ്കിലും കുറവുണ്ടായോ?
!!


അങ്ങ് എന്താണീ പറയുന്നത്? അങ്ങയുടെ ദൈവമല്ലേ എനിക്കും അനേകം ആടുകളെ നൽകിയത്?


ഇനി നമ്മൾ വേർപിരിയുകയാണു നല്ലത്. നിനക്കിഷ്ടമുള്ള ഭാഗം തിരഞ്ഞെടുത്തുകൊള്ളൂ. നീ ഇടത്തേക്ക് പോകുന്നെങ്കിൽ ഞാൻ വലത്തേക്ക് പോകും......നമ്മൾ തമ്മിൽ കലഹിക്കാൻ ഇടയാകരുത്.
?

ഫലസമൃദ്ധമായ ജോർദ്ദാൻ സമതലം ലോത്ത് തിരഞ്ഞെടുത്തു.  സോദോം നഗരത്തിൽ അവൻ വാസമുറപ്പിച്ചു.  അബ്രാമിന് കിട്ടിയത് മരുഭുമിയാണ്.




അന്നൊരു ദിവസം രാത്രിയിൽ
അബ്രാം! പുറത്തേക്കു വരൂ! ഇതാ നിനക്കു ഞാൻ വലിയ പ്രതിഫലം നല്കാൻ പോകുന്നു.
!!


സന്താനമില്ലാത്ത ഈ വൃദ്ധന് എന്ത് പ്രതിഫലം!
നോക്കൂ! ഈ നക്ഷത്രങ്ങളെപ്പോലെ അസംഖ്യം സന്തതികളെ നിനക്കു ഞാൻ നൽകും.
!


പിറ്റേന്ന് സായാഹ്നത്തിൽ
ഇതെന്തൊരു ഭ്രാന്താണ്? നിങ്ങൾക്കെന്തു പറ്റി?
!
കർത്താവിനു ബലിയർപ്പിക്കണം

സൂര്യൻ അസ്തമിക്കുകയും അന്ധകാരം വ്യാപിക്കുകയും ചെയ്തപ്പോൾ ജ്വലിക്കുന്ന ഒരു തീ നാളം ബലിവസ്തുക്കളെ ദഹിപ്പിച്ചു കടന്നു പോയി. ദൈവത്തിൻറെ സാന്നിധ്യം അബ്രാം അറിഞ്ഞു. അദ്ദേഹത്തിൻറെ ഉള്ളിലെ അന്ധകാരം അകന്നു.





മാസങ്ങൾക്കുശേഷം
സാറാ, നിനക്കെന്തുപറ്റി? ഒരിക്കലും നനയാത്ത നിൻറെ കണ്ണുകൾ ഇന്നു നിറഞ്ഞൊഴുകുന്നതെന്തേ?
എന്തു പറ്റിയെന്നോ? അതാണ് ഞാനും ചോദിക്കുന്നത്.
മനസ്സിലായില്ല!


മനസ്സിലാവുകയില്ല. ഒരു കുഞ്ഞിനെ താലോലിക്കാനുള്ള എൻറെ ആഗ്രഹവും അതിനു കഴിയാത്തതിലുള്ള നൊമ്പരവും അങ്ങേക്കു മനസ്സിലാവില്ല.


ഇതാണോ പ്രശ്നം. ദൈവം നമുക്കു കുഞ്ഞിനെ തരുമല്ലോ - ഒന്നല്ല, അസംഖ്യം.
വന്ധ്യയും വൃദ്ധയുമായ എന്നിൽ നിന്നായിരിക്കുകയില്ല.


ദൈവം വാക്കു പാലിക്കുന്നവനാണ്.
എനിക്കൊരാശയം തോന്നുന്നു. നിങ്ങൾ കോപിക്കരുത്.
!

സാറാ തൻറെ ദാസിയായ ഹാഗാറിനെ അബ്രാമിന് ഭാര്യയായി നല്കി. അത് അന്നത്തെ നാട്ടുനടപ്പായിരുന്നു.







അബ്രാമിൻറെ ദൈവവും സർവ്വശക്തനുമായവനേ, എനിക്കോ ഒരു കുഞ്ഞിനെ പ്രസവിക്കാനുള്ള ഭാഗ്യം ലഭിച്ചില്ല. എൻറെ ദാസിയിലൂടെയെങ്കിലും എനിക്ക് ഒരു മകനെ നൽകണമേ.

അബ്രാമിന് ഹാഗാറിൽ ഒരു പുത്രൻ ജനിച്ചു. 'ദൈവം കേട്ടു' എന്നർത്ഥമുള്ള ഇസ്മായേൽ എന്ന് അവനു പേരിട്ടു. ഏതാനും വർഷങ്ങൾക്കുശേഷം അബ്രാമിന് വീണ്ടും ദൈവത്തിൻറെ അരുളപ്പാടുണ്ടായി.




ഇതാ നീയുമായി ഞാൻ ഒരുടമ്പടി ചെയ്യുന്നു. എൻറെ മുമ്പിൽ വ്യാപാരിക്കുക. കുറ്റമറ്റവനായിരിക്കുക. നീ അനവധി ജനതകളുടെ പിതാവായിരിക്കും. ഇന്നുമുതൽ നിൻറെ പേര് അബ്രാം എന്നല്ല അബ്രാഹം എന്നായിരിക്കും.


എൻറെ ഉടമ്പടിയുടെ
അടയാളമായി നിൻറെ
വീട്ടിലെ പുരുഷന്മാരെല്ലാം
പരിച്ഛേദനം
സ്വീകരിക്കണം.


ഏതാനും മാസങ്ങൾക്കു ശേഷം ഒരു മധ്യാഹ്നത്തിൽ
ഏതോ വഴിപോക്കർ വരുന്നുണ്ടല്ലോ. യാത്രക്കാരെ സല്ക്കരിക്കുന്നത് ദൈവത്തെ സൽക്കരിക്കുന്നതിനു തുല്യമാണ്.


യജമാനന്മാരെ, അടിയൻറെ കൂടാരത്തിൽ അല്പസമയം വിശ്രമിച്ചിട്ടു പോകണം. ഒരു കഷണം അപ്പമെങ്കിലും ഭക്ഷിച്ചിട്ട് യാത്ര തുടരാം
!!
ശരി, നിനക്കിഷ്ടമുള്ളതു ചെയ്യൂ.


ഒന്ന് വേഗമാവട്ടെ, ഞാൻ ഈ ആടിനെ പാകം ചെയ്യുമ്പോഴേക്കും അപ്പം ചുട്ടു കഴിയണം.
!



കറി ഉഗ്രനായിരിക്കുന്നു! എവിടെ നിൻറെ ഭാര്യ?
കുടാരത്തി നകത്തുണ്ട്
അടുത്ത വർഷം ഈ സമയത്ത് അവൾക്ക് ഒരു പുത്രൻ ജനിക്കും.
!?
!!


കുടാരത്തിനുള്ളിൽ സാറാ ഇത് കേട്ട് ചിരിച്ചു.
എനിക്ക് വയസ്സ് എൺപത്തഞ്ചായി. അങ്ങേർക്കാണെങ്കിൽ തൊണ്ണൂറു കഴിഞ്ഞു.



സാറാ ചിരിച്ചു - പക്ഷേ എൻറെ വാക്കു നിറവേറുകതന്നെ ചെയ്യും.
വഴിയിൽ വരെ അടിയൻ കൂടെ വരട്ടേ?


സോദോമിൽനിന്നു മർദ്ദിതരുടെ നിലവിളി ഉയരുന്നു. ഞാൻ ആ നഗരം നശിപ്പിക്കാൻ പോവുകയാണ്.
അനീതിയുടെയും അക്രമത്തിൻറെയും ശിക്ഷ എന്തെന്ന് നീ ഇന്നു കാണും.
?!
നീതിയും ന്യായവും മാത്രം പ്രവർത്തിക്കാൻ നീ നിൻറെ മക്കളെ പഠിപ്പിക്കണം.


അങ്ങനെ കർത്താവിൻറെ വഴിയിലൂടെ നടക്കാൻ നിങ്ങൾക്കിതൊരു പാഠമായിരിക്കും.
അങ്ങ് ദുഷ്ടന്മാരുടെ കൂടെ നീതിമാൻമാരേയും ശിക്ഷിക്കുമോ?
ഇല്ല


ആ നഗരത്തിൽ അൻപതു നീതിമാൻമാരുണ്ടെങ്കിലോ?
അവർക്കു വേണ്ടി നഗരത്തോട് ഞാൻ ക്ഷമിക്കും.
നാല്പത്തഞ്ച്, അല്ല മുപ്പത്, ക്ഷമിക്കണേ, പത്തു നീതിമാൻമാരെ അവിടെയുള്ളു എങ്കിലോ?
പത്തുപേരെ പ്രതി ഞാൻ നഗരത്തോടു കരുണ കാണിക്കും.

യാത്രക്കാർ അബ്രാഹമിനെ വിട്ടുപോയി. പിറ്റേന്ന് സൂര്യൻ ഉദിച്ചുയർന്നപ്പോൾ...




ദൈവം പറഞ്ഞ സമയത്ത് സാറയ്ക്കു ഒരു മകൻ ജനിച്ചു.
!?
വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവമേ, അങ്ങേ വഴികൾ എത്ര വിസ്മയാമഹം! വൃദ്ധരായ ഞങ്ങൾക്ക് സന്തോഷം നൽകുന്ന ഈ ശിശുവിനെ ഇസഹാക്ക് എന്ന് ഞങ്ങൾ വിളിക്കും.


"അവൻ ചിരിക്കുന്നു" എന്നാണ് ഇസഹാക്ക് എന്ന പേരിനർത്ഥം. ഇസഹാക്ക് വളർന്നു. അന്നൊരു ദിവസം
ദൈവമേ, കൊച്ചിൻറെ മുട്ടു തകർന്നു പോയല്ലോ! എന്തുപറ്റി മോനേ?
ചേട്ടനും ഞാനുംകൂടി ഓടി കളിച്ചതാ
?


കണ്ടോ, ആ അടിമച്ചെക്കൻറെ അഹന്ത. അവനേം അവൻറെ തള്ളേം ഉടൻ ഇറക്കി വിടണം.
?!
നീ എന്താണീ പറയുന്നത്, കുട്ടികൾ കളിക്കുമ്പോൾ ഇതൊക്കെ ......


കളിക്കണം അല്ലേ? അത് എൻറെ കുഞ്ഞിൻറെ കൂടെ വേണ്ട. ഇനി ഒരു നിമിഷം അവരിവിടെ നില്ക്കാൻ പാടില്ല.
സാറാ, നീ എത്ര ക്രൂരമായി സംസാരിക്കുന്നു?


ദൈവത്തിൻറെ കല്പനയനുസരിച്ച് ഇസ്മായേലിനെയും ഹാഗാറിനെയും അബ്രാഹം ഇറക്കിവിട്ടു. വാഗ്ദാനത്തിൻറെ പുത്രനായ ഇസഹാക്കിലൂടെയാണ് രക്ഷാകരചരിത്രം മുന്നേറുന്നത്.
നമ്മൾ എങ്ങോട്ടാണമ്മേ പോകുന്നത്? ഈ മരുഭൂമിയിൽ ഒരു വഴിയുമില്ലല്ലോ.
എന്നാലും അപ്പൻ ഇത്ര ക്രൂരനാണല്ലോ!
അങ്ങനെയൊന്നും പറയല്ലേ മകനേ, അപ്പൻ നല്ലവനാ.


ദൈവം നമുക്കു വഴി കാട്ടിത്തരും.


ദൈവമേ, ഒരിറ്റു വെള്ളം പോലുമില്ല. എൻറെ കുഞ്ഞു ദാഹംകൊണ്ട് പിടഞ്ഞു മരിക്കുന്നത് എനിക്ക് കാണാനാവില്ല.


ഇസ്മായേലിനെ അവൾ ഒരു മുൾച്ചെടിയുടെ ചുവട്ടിൽ കിടത്തി.
വെള്ളവും തണലുമില്ലാത്ത ഈ മണൽക്കാട്ടിൽ എന്തിന് ഞങ്ങളെ വലിച്ചെറിഞ്ഞു! ദൈവമേ, നൊന്തുപെറ്റ തള്ളയുടെ വേദന നിനക്കറിയുമോ!
ഹാഗാർ, നിൻറെ പ്രാർത്ഥന ഞാൻ കേട്ടു. അതാ നോക്കു! നീരുറവ. ഭയപ്പെടേണ്ട. നിൻറെ മകൻ ഒരു വലിയ ജനതയാകും.

തൻറെ ആദ്യജാതനായ ഇസ്മായേലിനെ മരുഭൂമിയിലേക്കു പറഞ്ഞയച്ചത് അബ്രാഹാമിന് വലിയൊരു പരീക്ഷയായിരുന്നു. എന്നാൽ......






?kku u


ഇല്ല. ഇത് ദൈവത്തിൻറെ സ്വരമല്ല. ഞാൻ സ്വപ്നം കണ്ടതാവും - എന്തൊരു ദുസ്വപ്നം!


പക്ഷേ, ആ ശബ്ദത്തിനു
യാതൊരു മാറ്റവുമില്ല.
പണ്ട് ഹാരാനിൽനിന്ന്
ആദ്യമായിക്കേട്ട
അതേ മുഴക്കം...
അതേ വ്യക്തത.


ഇല്ല, ഇത് സാധ്യമല്ല.
ഈ പുത്രനുവേണ്ടിയാണ് ഞാൻ ജീവിതം മുഴുവൻ ഒരു കാട്ടുകഴുതയെപ്പോലെ അലഞ്ഞത്.



ഇതു ദൈവത്തിൻറെ സ്വരമല്ലെന്നു
വരുമോ? ദൈവത്തിനെങ്ങനെ
എൻറെ
ഏക ജാതനെ
ചോദിയ്ക്കാൻ
കഴിയും?


ഈ നക്ഷത്രങ്ങൾ പോലെ അസംഖ്യം സന്തതികൾ! എന്നിട്ടിപ്പോൾ ദഹന ബലിയോ?


അത്ര അത്യാവശ്യമാണെങ്കിൽ ഒന്നുകൂടി ചോദിക്കട്ടെ. ഞാൻ ഉണർന്നിരിക്കുന്ന ഇപ്പോൾ! ഇല്ല. ദൈവം രണ്ടു തവണ ചോദിക്കില്ല. ഇതവിടുത്തെ ശബ്ദമാണ്. അനുസരിച്ചേ മതിയാവൂ.



സർവശക്തനായ ദൈവമേ, നിൻറെ വഴികൾ എനിക്കറിയില്ല. എന്നാലും ഞാൻ അനുസരിക്കുന്നു! നിൻറെ ഇഷ്ടം നിറവേറട്ടെ.

പിറ്റേന്ന് രാവിലെ അബ്രാഹം ഇസഹാക്കിനെയും കൂട്ടി പുറപ്പെട്ടു. മലയുടെ അടിവാരത്തിൽ എത്തിയപ്പോൾ ബലിക്കുള്ള വിറക് ഇസഹാക്കിൻറെ ചുമലിൽ വച്ചു.




അവർ ദൈവം കാണിച്ച മലയുടെ മുകളിൽ എത്തി.
ഹോ! ദൈവമേ, ഞാൻ ഇതെങ്ങനെ ചെയ്യും?
അപ്പനെന്താ കരയുന്നത്?


ആദ്യം ഇസ്മായേലിനെ
മരുഭൂമിയിലേക്ക്. ഇപ്പോൾ
ഏക പ്രതീക്ഷയായ
ഇവനെയും....


അപ്പനെന്താ ഒന്നും
മിണ്ടാത്തത്?
ഓ, എൻ്റെ
മകനേ!.....ദൈവമേ!
!?


അബ്രാഹം! കുട്ടിയുടെമേൽ
കൈ വയ്ക്കരുത്. നിൻറെ
ഏകപുത്രനെപ്പോലും എനിക്ക്
തരാൻ നീ മടിച്ചില്ല. ഞാൻ
ശപഥം ചെയ്യുന്നു - നിന്നിലുടെ
സകല ജനതകളും
അനുഗൃഹീതമാകും.
!

# ചോദ്യങ്ങൾ

1. ആരായിരുന്നു അബ്രാഹത്തിൻറെ  പിതാവ്?
2. അബ്രാഹത്തെ തിരഞ്ഞെടുത്തതിന്റെ ഉദ്ദേശം എന്ത്?
3. ദൈവം അബ്രാഹത്തിന് നൽകിയ വാഗ്ദാനങ്ങൾ ഏവ?
4. ലോത്തുമായി പിരിയാനുണ്ടായ സാഹചര്യവും സ്വത്തു വിഭജിക്കുന്ന  വിധവും വിശദമാക്കുക.
5. സോദോമിന്റെ  നാശത്തിൽ നിന്ന് എന്ത് പാഠമാണ് ബൈബിൾ നൽകുന്നത്?
6. അബ്രാഹത്തിനു  ദൈവം സംരക്ഷണം നൽകി.  ഉദാഹരണസഹിതം വിശദീകരിക്കുക.
7. അബ്രാഹത്തിനു   നേരിടേണ്ടി വന്ന അഗ്നിപരീക്ഷകൾ ഏവ?
8. ഇസഹാക്കിനെ ബലികഴിക്കാൻ ആവശ്യപ്പെട്ടത് എന്തിനുവേണ്ടി?
9. അബ്രാഹം  വിശ്വാസികളുടെ പിതാവാണ്.  വിശദമാക്കുക.
10. അബ്രാഹത്തിൻറെ    ജീവിതത്തിൽ നിന്ന് എന്ത് പാഠമാണ് നമുക്ക് ലഭിക്കുന്നത്?

## മനഃപാഠമാക്കുക

*"ഭയപ്പെടേണ്ട, ഞാൻ നിനക്കു പരിചയാണ്"* **(ഉൽപ. 15:  1)**

*"എൻറെ മുമ്പിൽ വ്യാപരിക്കുക,  കുറ്റമറ്റവനായിരിക്കുക"* **(ഉൽപ. 17:  1)**


അടുത്ത ചിത്രകഥ
യാക്കോബ്
ദൈവത്തോടു മല്ലടിച്ച
ഗോത്രപിതാവ്

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും